


നർമ്മദ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രശസ്ത അമേരിക്കൻ മ്യൂറൽ ചിത്രകാരി ജൂണ അലീഷ്യ സാൻഫ്രാൻസിസ്കോയിൽ വരച്ചതാണ് 'ദി വീപ്പിംഗ് വുമൺ' എന്ന ഈ മ്യൂറൽ ചിത്രം.

# നർമ്മദ സമരമൊഴുകിയ 25 വർഷങ്ങൾ

**വ്യവസ്ഥാപിത രാഷ്ട്രീയത്തിൽ നിന്നും വേറിട്ട ചില രാഷ്ട്രീയ മാനങ്ങൾ ചരിത്രത്തിൽ എഴുതിച്ചേർത്ത, വിഭവസംരക്ഷണം സാമൂഹിക ജീവിതത്തിന്റെ അടിത്തറയാണെന്ന ബോധത്തെ അബോധങ്ങളിൽപ്പോലും രേഖപ്പെടുത്തിയ നർമ്മദ ബച്ചാവോ ആന്ദോളൻ ഇരുപത്തഞ്ച് വർഷം പിന്നിടുന്നു. സമരത്തിന്റെ ശേഷിപ്പുകൾ എന്തെല്ലാമാണെന്ന് വിലയിരുത്തകയാണ് ഡോ. എ. ലത**

1985 മുതൽ ഒഴുകി തുടങ്ങിയ 'നർമ്മദാ ബച്ചാവോ ആന്ദോളൻ' ഈ വർഷം 25 വർഷങ്ങളുടെ പ്രവർത്തനം പൂർത്തീകരിക്കുകയാണ്. പുഴയുടെ ഒഴുക്ക് എത്രകണ്ട് മനുഷ്യൻ ഇടപെട്ട് തടയാൻ ശ്രമിച്ചാലും പുഴ കടലിൽ ചെന്നു വിലയം പ്രാപിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും, അതാണ് പുഴയുടെ പ്രകൃതിശക്തി. നിശ്ചയദാർഢ്യം. ചുരുക്കിപ്പറഞ്ഞാൽ നർമ്മദാ ബച്ചാവോ ആന്ദോളന്റെ അതിജീവന സമര ചരിത്രവും ഒരു പുഴയുടെ ഒഴുക്കുപോലെയാണ് . ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട ജനകീയ സമരങ്ങളേയും, പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കാൻ വേണ്ടിയുള്ള അതിജീവന സംഘർഷങ്ങളേയും ആന്ദോളന്റെ ഗാന്ധിയൻ സമരരീതികളും ആന്ദോളൻ മുന്നോട്ടു വെച്ചിട്ടുള്ള നിലപാടുകളും കാഴ്ചപ്പാടും പ്രചോദനമായിട്ടുണ്ട്. നാളിതുവരെ അടിയൊഴുക്കുകളേയും പ്രലോഭനങ്ങളേയും മറ്റും അതിജീവിച്ച് ഇടയ്ക്ക് വഴിമാറി പോയാലും ആന്ദോളൻ എന്ന ഒഴുക്കിനെ തിരിച്ച് നേരായ ദിശയിലേക്ക് കൊണ്ടുവാരൻ വേണ്ടി ശ്രമിച്ചിട്ടുള്ള ഒരുപാട് പേരുണ്ട്. അതിൽ മേധാ പട്കറും, സഞ്ജയ് സാംഗ്‌വിയും ശ്രീപദ് ധർമ്മാധികാരിയും, ഹിമാംശു താക്കറും മറ്റും പ്രധാനപ്പെട്ട കണ്ണികളാകുന്നു.

നർമ്മദാ ബച്ചാവോ ആന്ദോളന്റെ കാൽ നൂറ്റാണ്ട് നീണ്ടു നിൽക്കുന്ന സമര- സംഘർഷ ചരിത്രത്തിൽ ഒരിക്കലും മറക്കാനാവാത്ത ചില മുഹൂർത്തങ്ങളുണ്ട്. 1961ലാണ് നർമ്മദാവാലി ഡവലപ്മെന്റ് എന്ന ബൃഹത്തായ പദ്ധതിക്ക് സർദാർ പട്ടേലിന്റെ നേതൃത്വത്തിൽ തുടക്കമിട്ടത് എന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണല്ലോ. 30 വലിയ അണക്കെട്ടുകളും 135 ഓളം ഇടത്തരം അണക്കെട്ടുകളും 3000ത്തോളം ചെറു ഡാമുകളും ഉൾപ്പെടുന്ന

താണ് നർമ്മദാവാലി പദ്ധതി. രാജ്യം കണ്ടിട്ടുള്ള ഏറ്റവും വലിയ അന്തർ-സംസ്ഥാന ജലവൈദ്യുതി-ജലസേചന പദ്ധതിയായി നർമ്മദാ നദീതട വികസന പദ്ധതി (narmada valley development) മാറുകയും ചെയ്തു. എന്നാൽ സർദാർ സരോവറിന്റെ ജലം വീതം വെക്കുന്ന വിഷയത്തിൽ 4 സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ മൂർച്ഛിച്ചപ്പോൾ 1969-ൽ നർമ്മദാ വാട്ടർ ഡിസ്പ്യൂട്ട് ട്രിബ്യൂണൽ നിലവിൽ വരികയും 138.68 മീറ്റർ (455 അടി) ആയി സർദാർ സരോവർ അണക്കെട്ടിന്റെ ഉയരം നിജപ്പെടുത്തുകയും ചെയ്തു. പുനരധിവാസം, പരിസ്ഥിതി ആഘാന പഠനം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെ പല മാനദണ്ഡങ്ങളും ട്രിബ്യൂണൽ മുന്നോട്ടുവെച്ചു.

245 ഗ്രാമങ്ങളിൽ പെടുന്ന 38,000 ഹെക്ടറോളം വരുന്ന ഫലഭൂയിഷ്ടമായ കാർഷിക – വന പ്രദേശങ്ങളാണ് പദ്ധതി വന്നാൽ മുങ്ങിപ്പോകുമെന്ന് ആദ്യകാല സർക്കാർ കണക്ക്. എന്നാൽ നാളുകൾ കടന്നുപോയപ്പോൾ പദ്ധതിബാധിത കുടുംബങ്ങളുടെ എണ്ണം കൂടിക്കൂടി വന്നു. കനാൽ മൂലം കുടിയൊഴിപ്പിക്കപ്പെടുന്നവർക്കു പുറമേയാണിത്. നിലവിൽ 43,000 ത്തോളം കുടുംബങ്ങളിൽ പെടുന്ന ഒന്നേമുക്കാൽ ലക്ഷം വരുന്ന വിവിധ ആദിവാസി, സാമ്പത്തികമായി സമ്പന്നരായ കർഷകർ എന്നിവർ അവരുടെ ഭൂമിയുൾപ്പെടെ കുടിയൊഴിപ്പിക്കുന്ന ലിസ്റ്റിൽ പെടുന്നു.

1993 ൽ സർദാർ സരോവറിന്റെ ജലനിരപ്പ് ആദ്യം മുങ്ങിയ ഗ്രാമങ്ങളിൽ ഒന്നാണ് 'മണിബേലി'. മേധയും അവിടത്തെ ഗ്രാമീണരും ഉയർന്നു കൊണ്ടിരിക്കുന്ന ജലനിരപ്പിൽ 'ജലസമാധി'ക്കൊരുങ്ങിയത് അന്ദോളന്റെ ചരിത്രത്തിൽ ഒരിക്കലും മറക്കാനാകാത്ത മുഹൂർത്തമായി മാറുകയായിരുന്നു. അന്ന് 'മണിബേല'യിലെ 'ജലസമാധി' ഇന്ത്യയിലും പുറത്തും സമൂഹ മനസാക്ഷിയിൽ ഉണർത്തിയ നീറ്റലും അനീതിയ്ക്കെതിരെയുള്ള ബോധവും കുറച്ചൊന്നുമല്ല. അതുപോലെ തന്നെയാണ് ദോംഖേഡിയിലെ 'ജലസമാധി'ക്കുള്ള ഒരുക്കവും. 1999 സെപ്തംബർ 18ന് മേധയും ദേവ് റാം ഭായിയും മറ്റും അടങ്ങുന്ന 'സമർപ്പിത് ദൾ' മുപ്പത് മണിക്കൂറോളം നെഞ്ചിനുമേൽ ഉയരുന്ന ജലനിരപ്പിൽ നിശ്ചയദാർഢ്യത്തോടെ പിടിച്ചു നിന്നതു മനസാക്ഷിയുള്ള ആർക്കാണ് മറക്കാൻ കഴിയുക?

> **അണക്കെട്ടിന്റെ പണി തുടങ്ങിയ ശേഷമാണ് നർമ്മദ ബച്ചാവോ ആന്ദോളൻ ഉയർന്നു വന്നത്. അതുകൊണ്ടു തന്നെ സാമൂഹിക നീതി ഉറപ്പാക്കുന്നതിലാണ് ആന്ദോളൻ കൂടുതൽ ശ്രദ്ധിച്ചത്. പിന്നീട് ലോകമാകെ വൻകിട അണക്കെട്ടുകൾ ഉയർത്തുന്ന പ്രശ്നങ്ങൾ പഠിക്കാൻ ലോക അണക്കെട്ട് കമ്മീഷൻ രൂപീകരിക്കുന്നതിന് നർമ്മദ സമരം കാരണമായി**

1989-93 കാലഘട്ടത്തിൽ 'ലോക ബാങ്ക് നർമ്മദ വിടുക' എന്ന മുദ്രാവാക്യത്തിലൂന്നി നിന്നു കൊണ്ടും നർമ്മദ ബാച്ചാവോ ആന്ദോളനും കൂട്ടാളികളും മുന്നോട്ടുവെച്ച ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് മോഴ്സ് കമ്മീഷനെ (Morse Commission) നിയോഗിക്കാൻ ലോക ബാങ്ക് തീരുമാനിച്ചത് മറ്റൊരു പ്രധാന നാഴികകല്ലാണ്. 1992ൽ മോഴ്സ് കമ്മിറ്റി ലോക ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കുകയും, ഒടുവിൽ 1993ൽ ലോകബാങ്ക് സർദാർ സരോവർ പദ്ധതിക്കു നൽകിവരുന്ന സാമ്പത്തികസഹായം പിൻവലിക്കാൻ തീരുമാനിക്കുകയും ചെയ്തു.

1989ലെ ഹർസൂദ് റാലിയും 1993 ലെ സമരപ്രകടനത്തിൽ പങ്കെടുത്ത പതിനഞ്ച് വയസ്സുള്ള റഹമൽ പുനിയ വാസവേ എന്ന സമരപ്രവർത്തകന്റെ പോലീസ് വെടിയേറ്റുള്ള ദാരുണ മരണവും നർമ്മദാ ബചാവോ ആന്ദോളനെ കുറിച്ച് അറിയാവുന്നവർക്ക് ഒരിക്കലും മായ്ച്ചുകളയാൻ സാധിക്കാത്ത രണ്ടു സംഭവങ്ങളാണ്. ഒരു പക്ഷെ ഗ്രാമഗ്രാമാന്തരങ്ങളിലെ ആയിരക്കണക്കിന് സ്ത്രീകളും കുട്ടികളും തങ്ങളുടെ നഷ്ടപ്പെടാൻ പോകുന്ന സംസ്കാരവും ഭൂമിയും തിരിച്ചു പിടിക്കാൻ വേണ്ടി സജീവമായി മുന്നോട്ടിറങ്ങിയിട്ടുള്ള അപൂർവ്വ സമരങ്ങളിൽ ഒന്നായിരിക്കാം സർമ്മദാ ബച്ചാവോ ആന്ദോളന്റേത്.

അണക്കെട്ടിന്റെ പണി തുടങ്ങിയ ശേഷം ഉയർന്നു വന്നതാണ് നർമ്മദാ ബച്ചാവോ ആന്ദോളൻ. അതുകൊണ്ട് തന്നെ 'പുനരധിവാസത്തിലെ' അനീതിയും അഴിമതിയും നിയമലംഘനങ്ങളും മറ്റുമാണ് ആന്ദോളൻ കൂടുതലായി മുന്നോട്ട് വെച്ച സമരമുഖങ്ങൾ. സാമൂഹ്യ നീതി ഉറപ്പാക്കുന്നതിലാണ് ആന്ദോളൻ കൂടുതൽ ശ്രദ്ധിച്ചത് എന്ന് വെണമെങ്കിൽ വ്യാഖ്യാനിക്കാം.

അണക്കെട്ടുകൾ വരുത്തി വെക്കുന്ന പാരിസ്ഥിതിക നാശങ്ങളും, പുഴയുടെ സ്വാഭാവിക ഒഴുക്കിൽ വരുത്തുന്ന തീരാ മാറ്റങ്ങളും സമരത്തിന്റെ ഭാഗമായി മുന്നോട്ടു വെക്കാൻ ആന്ദോളൻ ആദ്യകാലത്തിൽ തയ്യാറായില്ല. അണക്കെട്ടിന്റെ പണി തുടങ്ങിയ ശേഷമാണല്ലോ പരിസ്ഥിതി ആഘാത പഠനവും, അനുമതിയും മറ്റും നേടിയെടുത്തത്. എന്നാൽ പിന്നീട് ലോകമൊട്ടാകെ വൻകിട അണക്കെട്ടുകൾ ഉയർത്തുന്ന പ്രശ്നങ്ങൾ പഠിക്കാൻ ലോക അണക്കെട്ട് കമ്മീഷൻ രൂപീകരിക്കാൻ നർമ്മദാ സമരം പ്രധാന കാരണമായി. ഇന്ത്യയിലെ ബ്രഹ്മപുത്രനദിയുടെ കൈവഴികളിൽ പണിയാൻ ഉദ്ദേശിക്കുന്ന (വടക്കു – കിഴക്ക് ഇന്ത്യയിലെ അസം, മേഘാലയ, അരുണാചൽ പ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഭൂപ്രദേശം) നൂറുകണക്കിന് അണക്കെട്ടുകൽക്കെതിരെ സമരം ചെയ്തു കൊണ്ടിരിക്കുന്ന ഗ്രൂപ്പുകളും അവരുടെ കൂട്ടാളികളും മുന്നോട്ടു വെക്കുന്ന പ്രധാന ആവശ്യം അണക്കെട്ടിന്റെ കീഴ്തട പ്രദേശങ്ങളിൽ സംജാതമായേക്കാവുന്ന പാരിസ്ഥിതിക സാമൂഹിക ആഘാതങ്ങളേയും (downstream impacts) കൂടി പഠനവിധേയമാക്കണം എന്നതാണ്. അതുപോലെ ഒരു പാട് അണക്കെട്ടുകൾ ഒരു പുഴയെ എങ്ങനെ ബാധിക്കുന്നു, എത്ര അണക്കെട്ടുകൾ ഒരു പുഴയ്ക്ക് താങ്ങാൻ കഴിയും (Cumulative Impact Assessment) എന്ന സുപ്രധാന

പ്രശ്നങ്ങളും പഠന വിധേയമാക്കണമെന്നും, അണക്കെട്ട് പണിയണമോ വേണ്ടയോ എന്ന തീരുമാനം എടുക്കുന്നതും ഇത്തരം സുപ്രധാന വിലയിരുത്തലുകൾക്കു വിധേയമാക്കിയതിനു ശേഷമായിരിക്കണമെന്നും നോർത്ത് – ഈസ്റ്റ് ഇന്ത്യയിലെ ഗ്രൂപ്പുകൾ മുന്നോട്ടു വെക്കുന്ന പ്രധാന ആവശ്യമാണ്. നർമ്മദാ നദീതടത്തിലെ അണക്കെട്ടുകൾ കാരണം ഗുജറാത്തിലെ ബാറൂച്ചിലും മറ്റും പുഴയുടെ നീരൊഴുക്ക് തീരെ ശോഷിച്ചുകൊണ്ടിരിക്കുന്ന വാർത്തകൾ വായിക്കുമ്പോൾ അതു നർമ്മദാ ബച്ചാവോ ആന്ദോളന്റെ പുതിയ വെല്ലുവിളിയായി മാറുകയാണ്. കോടികൾ മുടക്കി അണക്കെട്ടുകൾ പണിയുമ്പോൾ, ഒരിക്കലും വെള്ളം എത്തിക്കുവാൻ സാധിക്കാത്ത കനാൽ ശ്രൃംഖലകൾ പണിയുമ്പോൾ, സ്ഥാപിത ശേഷിയുടെ എത്രയോ താഴെ മാത്രം വൈദ്യുതി ഉൽപാദനം സാധ്യമാകുമ്പോൾ, ലാഭത്തേക്കാൾ നഷ്ടത്തിൽ വൻകിട അണക്കെട്ടു പദ്ധതികൾ കലാശിക്കുന്നു എന്ന തിരിച്ചറിവ് സമൂഹത്തിലിന്നുണ്ട്. എന്നാൽ അണക്കെട്ടുകൾ പണിതു കഴിഞ്ഞ പുഴകളുടെ കീഴ്ത്തട പ്രദേശങ്ങളിലെ കാർഷിക, കുടിവെള്ള, പരിസ്ഥിതി നാശങ്ങളുടെ വിലയിരുത്തൽ നാം ഇനിയും തുടങ്ങേണ്ടിയിരിക്കുന്നു. ഇവിടെയാണ് നർമ്മദാ ബച്ചാവോ ആന്ദോളൻ മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാടിന് പ്രസക്തിയുള്ളത്. പ്രകൃതി വിഭവങ്ങളെ ആശ്രയിക്കുന്ന സമൂഹങ്ങൾക്കായിരിക്കണം ഇവയുടെ നിയന്ത്രണവും ഉത്തരവാദിത്ത്വവും എൽപിക്കാൻ. ആസൂത്രണത്തിന്റെ അടിസ്ഥാനം 'കമ്യൂണിറ്റി' ആയിരിക്കണം. അങ്ങ് നർമ്മദ മുതൽ ഇങ്ങ് ചാലക്കുടി വരെ പുഴകളെ സംരക്ഷിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന എല്ലാവരും ഇത് ശരിവെക്കുന്നു. പുഴയുടെ വിനിയോഗവും സംരക്ഷണവും ആ പൊതു സമ്പത്തിനെ ആശ്രയിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന എല്ലാത്തരം സമൂഹങ്ങളുടെ ഉത്തരവാദിത്ത്വത്തിലായിരിക്കണം. നർമ്മദാ സമരം ചൂണ്ടിക്കാണിക്കുന്നത് അതുകൂടിയാണ്.

ലോക അണക്കെട്ടു കമ്മീഷന്റെ റിപ്പോർട്ടിനെ ഉൾക്കൊള്ളാൻ ആദ്യം തയ്യാറാകാതിരുന്ന ഭാരതസർക്കാരിന് പക്ഷേ, പുനരധിവാസകാര്യത്തിൽ സുപ്രീം കോടതിയുടെ വിമർശനം കേൾക്കേണ്ടിവന്നതും ശ്രദ്ധേയമാണ്. മുഖ്യധാരാ രാഷ്ട്രീയക്കാരിൽ ചിലരെങ്കിലും പുഴകളെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ മാറ്റം വരുത്തിയതിനും നർമ്മദയുടെ മാസ്മരിക ശക്തി പ്രവർത്തിച്ചിട്ടുണ്ടാകാം!

*റിവർ റിസർച്ച് സെന്റർ,ഒല്ലൂർ, തൃശൂർ*

## വയനാടിന്റെ രക്ഷക്കായി ഒരു യാത്ര

വയനാട് ഹംസഗാനം പാടുകയാണ്. അമൂല്യമായ ഹരിതശാദ്വലതകൾ, ഉറവകൾ, ആർദ്രത,തണുപ്പ്, പരമ്പരാഗതകൃഷികൾ, എന്നിവ മാത്രമല്ല, മണ്ണും മനുഷ്യരും, പൈതൃകവും സംസ്കരവും എല്ലാം നാശത്തിന്റെ നെല്ലിപ്പടിയിലാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി കണ്ണിലെണ്ണയൊഴിച്ചും, നിരവധി സമരപ്രക്ഷോഭങ്ങൾ നടത്തിയും നാം കാത്തവയാണിവയൊക്കെയും. അവശേഷിക്കുന്നതെല്ലാം വിപണനം ചെയ്യാനുള്ള തത്രപ്പാടിലാണെല്ലാവരും! പാതിവന്ത ഉടൽപോലെ ഭീബത്സയാണിന്നത്തെ വയനാട്. കാടിപ്പോഴും കത്തിക്കൊണ്ടേയിരിക്കകുന്നു. കൂറ്റൻ പാറമടകൾ പൊട്ടിച്ചിതറിക്കൊണ്ടിരിക്കുന്നു. നെൽവയലുകൾ നാടുനീങ്ങുകയാണ്. മണൽ ഖനനം അനവരതം തുടരുന്നു. കബനിയും കൈവഴികളും അനേകം പ്രഭാവങ്ങളും ഗുപ്തഗാമിനിയായിപ്പൊയിരിക്കുന്നു. ടൂറിസം മാത്രം ഭീമാകാര രൂപം പണ്ട് എല്ലാറ്റിനെയും നക്കിത്തുടച്ച് തിമിർത്താടുന്നു.

വയനാടിന് ഇനിയുമൊരു തിരിച്ചുവരവ് സാദ്ധ്യമോ? പുനരുജ്ജിവനത്തിനുള്ള പ്രകൃതിയുടെ അപാരമായ കഴിവും, മനുഷ്യൻ വീണ്ടെടുക്കുന്ന വിവേകവും, ഉപാധികളില്ലാത്ത കാരുണ്യവും ഇപ്പോഴും പ്രതീക്ഷകൾ അവേശഷിപ്പിക്കുന്നുണ്ട്.

ആസന്നമരണയായ വയനാടൻ ഗ്രാമങ്ങളിലൂടെ, പുഴയോരങ്ങളിലൂടെ, ഗന്ധകശാലകൾ പൂക്കുന്ന വയലിറമ്പിലൂടെ, വനയോരങ്ങളിലൂടെ പ്രകൃതിസംരക്ഷണ സമിതി ഒരു യാത്ര സംഘടിപ്പിക്കുകയാണ്. നാശങ്ങൾ കണ്ടറിയാനും, വസ്തുതകൾ ശേഖരിക്കുവാനും, പഠനത്തിനും പ്രചാരണത്തിനും മാത്രമല്ല പുനരുജ്ജീവനത്തിനും കരുത്താർജ്ജിക്കുവാനും കൂടിയാണീയാത്ര.

യാത്രയിൽ വിതരണത്തിനായി ലഘുലേഖകൾ തയ്യാറാകാൻ ഉദ്ദേശ്യമുണ്ട്. ചർച്ചകൾ, സംവാദങ്ങൾ, പ്രഭാഷണങ്ങൾ, സ്ലൈഡ് പ്രദർശനം, സിനിമാ പ്രദർശനം, പവ്വർ പ്രൊജക്ഷൻ, എന്നിവയ്ക്കൊപ്പം ഫോട്ടോ എക്സിബിഷനുള്ള സാദ്ധ്യതയും ആലോചനയിലുണ്ട്. കൂടാതെ ടൂറിസം, നെൽവയലുകളുടെ തുടങ്ങിയ ഏതാനും സെമിനാറുകൾ യാത്രയ്ക്ക് മുൻപും പിൻപും, ഇടക്കുമായി സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

യാത്ര ഈ വരുന്ന ഡിസംബർ ആദ്യം തുടങ്ങി പതിനഞ്ചോ, ഇരുപതോ ദിവസം നീളുന്നതായിരിക്കും. വയനാടിന്നു പുറത്തുനിന്നും താത്പര്യമുള്ളവർക്ക് യാത്രയിൽ പങ്കെടുക്കാം. കേരളത്തിനകത്തുനിന്നും, പുറത്തുനിന്നുമുള്ള സുഹൃത്തുക്കളിൽ ചിലർ സന്നദ്ധ അറിയിച്ചിട്ടുണ്ട്. ഏതാനും മണിക്കൂറുകൾ മുതൽ യാത്രയുടെ ആദ്യാവസാനം വരെ സൗകര്യത്തിനനുസരിച്ച് പങ്കെടുക്കാവുന്നതാണ്. എന്നാൽ കുഗ്രാമങ്ങളിലും, ദുർഘടപ്രദേശത്തു അന്തിയുറങ്ങേണ്ടതിനാലും, വനങ്ങളും പരസ്ഥിതിദുർബലപ്രദേഷങ്ങളും സന്ദർശിക്കേണ്ടതിനാലും യാത്രികരുടെ എണ്ണം മുൻപേ നിജപ്പെടുത്തേണ്ടിവരും.

താങ്കൾ യാത്രയുമായ സഹകരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. യാത്ര എങ്ങനെയായിരിക്കണമെന്നതു സംബന്ധിച്ച് താങ്കളുടെ അഭിപ്രായങ്ങളും, നിർദേശങ്ങളും വിലയേറിയതാണ്. വിശദമായപരിപാടിയും. രൂപരേഖയും, ഉടൻ തയ്യാറാക്കണം. ഈ എഴുത്തിന്നുള്ള പ്രതികരണം വേഗം അറിയിക്കുമല്ലോ? ബന്ധങ്ങൾക്ക്: എൻ. ബാദുഷ, വയനാട് പ്രകൃതി സംരക്ഷണ സമിതി,നായ്ക്കട്ടി പി.ഒ. സുൽത്താൻ ബത്തേരി, വയനാട് – 673592,ഫോൺ: 04936 270222